പോലീസ് സ്റ്റേഷനുകളിൽ വച്ചു നടന്ന പ്രസവം.

378 [25] ശ്രീ. സി. സി. അയ്യപ്പൻ : താഴെ പറയുന്ന ചോദ്യത്തിനു് പോലീസ്മന്ത്രി സദയം മറുപടി നൽകുമോ :

1954-55 വർഷത്തിൽ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽവച്ചു് സ്ത്രീകൾ പ്രസവിക്കാൻ ഇടയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം പോലീസ്സ്റ്റേഷനുകളിൽ വച്ചു് എത്ര സ്ത്രീകൾ പ്രസവിച്ചിട്ടുണ്ടു്. ഏതെല്ലാം തീയതികളിലാണു് പ്രസവം നടന്നിട്ടുള്ളതു് ?

ഉത്തരം

ഉണ്ടു്. കൂപിനെറോ എന്നൊരു സ്ത്രീ കായംകുളം പോലീസ് സ്റ്റേഷൻ ലാക്കപ്പിൽവച്ചു് 11.3.55-ൽ ഒരു ആൺകുട്ടിയെ പ്രസവിച്ചു.

പോലീസ് മർദ്ദനം.

379 [27] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരവൂർ പോലീസ്സ്റ്റേഷനിലെ ഹെഡ് കാൺസ്റ്റബിൾ കുഞ്ഞുപിള്ളയും ഒരു പി. സി. യും കൂടി രണ്ടു ചുമട്ടുതൊഴിലാളികളെ അകാരണമായി സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിച്ചതായി ശവണ്മെൻറിനു് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) അതിന്മേൽ എന്തു നടപടി നടത്തി.

(സി) മേൽപ്പറഞ്ഞ ഹെഡ്കാൺസ്റ്റബിളിൻെറ പേരിൽ മറ്റു വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ ;

(ഡി) ഈ ഹെഡ്കാൺസ്റ്റബിളിനു് ഡിപ്പാർട്ടുമെൻറലായി എത്ര ശിക്ഷകൾ ഇതിനകം ലഭിച്ചിട്ടുണ്ടു്?

ഉത്തരം.

(എ) ഉണ്ടു്.

(ബി) പരാതിയെപ്പറ്റി അന്വേഷണം നടത്തിവരുന്നു.

(സി) ഉണ്ടു്.

(ഡി) 21.

ഭ്രതത്താൻകെട്ടു്.

380 [36] തലേക്കര ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഭ്രതത്താൻകെട്ടു് ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ഉത്തരം.

താൽക്കാലികമായി ഉൾപ്പെടുത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly